പുലിക്കളിയിൽ വയനാട് ദുരന്തത്തെ ചിത്രീകരിച്ചു ശങ്കരംകുളങ്ങര ദേശം അവതരിപ്പിച്ച ടാബ്ലോ.

പുലി ഗർജനം... തൃശൂർ നഗരത്തിൽ നാലോണ നാളിൽ നടന്ന പുലിക്കളിയിൽ നിന്ന്.

പെരുമ്പറയായി പുലിക്കൂട്ടം

എം.എ ഷാജി

തൃശൂർ: ദേശങ്ങളിൽ നിന്നു ഗർജനത്തോടെയെത്തിയ പുപ്പുലികൾ പൂരനഗരിയെ ഒരിക്കൽ കൂടി കീഴടക്കി. പുലിമടയിൽ നിന്ന് അരമണി കുലുക്കിയെത്തി തിമിർത്താടിയ പുലിക്കൂട്ടങ്ങൾ സാംസ്കാരിക നഗരിയെ പ്രകമ്പനം കൊള്ളിച്ചു. പുലിക്കളി മഹോത്സവം ആസ്വദിക്കാൻ ഇത്തവണയും ശിവപുരിയിലേക്കു ഒഴുകിയെത്തിയതു ജനസഹസ്രങ്ങൾ.

വടക്കുന്നാഥനെ പ്രദക്ഷിണം വെച്ച് ഏഴു ദേശങ്ങളിലെ 357 പുലികൾ ആടിത്തിമിർത്തപ്പോൾ ആബാലവൃദ്ധം ജനങ്ങളും ആവേശത്തിലാറാടി. ശക്തന്റെ പ്രദക്ഷിണ വഴിയിലേയ്ക്ക് ആസുര വാദ്യത്തിനൊപ്പം പുലിക്കൂട്ടങ്ങൾ ചുവടു വെച്ചെത്തുന്നതിനു മണിക്കൂറുകൾക്കു മുൻപുതന്നെ പുലിപ്രേമികൾ നഗരത്തിൽ തമ്പടിച്ചിരുന്നു. പിന്നെ പുലികൾക്കായുള്ള നീണ്ട കാത്തിരിപ്പ്. സ്വരാജ് റൗണ്ടിനു ചുറ്റും അക്ഷമരായി കാത്തിരുന്ന പൂരത്തിന്റെ പുരുഷാരത്തിനു മുന്നിലേയ്ക്കു ഷൊർണൂർ റോഡിലൂടെ നായ്ക്കനാലിൽ പാട്ടുരായ്ക്കൽ ദേശം ആദ്യമെത്തി.

മന്ത്രിമാരായ കെ.രാജൻ, ഡോ.ആർ.ബിന്ദു, മേയർ എം. കെ വർഗീസ്, പി.ബാലചന്ദ്രൻ എംഎൽഎ, കലക്റ്റർ അർജുൻ പാണ്ഡ്യൻ സ്വീകരിച്ചു. പാട്ടുരായ്ക്കൽ ദേശം ഫ്ലാഗ് ഓഫ് നടത്തിയതോടെ പുലിയാട്ടത്തിനു തുടക്കമായി. തുടർന്നു ബിനി ജംഗ്ഷൻ വഴി യുവജനസംഘം വിയ്യൂർ, വിയ്യൂർ ദേശം പുലിക്കളി സംഘം ടീമുകളും നടുവിലാൽ ജംഗ്ഷൻ വഴി സീതാറാം മിൽ ദേശം, ശങ്കരംകുളങ്ങര ദേശം, ചക്കാമുക്ക് ദേശം, കാനാട്ടുകര ദേശം ടീമുകളും സ്വരാജ് റൗണ്ടിൽ പ്രവേശിച്ചു. ഇന്നലെ രാവിലെ മുതൽക്കേ ഏഴു ദേശങ്ങളിൽ നിന്നു ചെണ്ടയുടെ മുഴക്കം തുടങ്ങിയിരുന്നു. ചമയങ്ങൾ പൂർത്തിയാക്കി ഉച്ചതിരിഞ്ഞു രണ്ടിനു ചൂടിനെ വകവെക്കാതെ മടകളിൽ നിന്നു പുലികൾ പുറപ്പെട്ടതോടെ നഗരത്തിലേക്കുള്ള പ്രധാന വീഥികളിലും ഊടുവഴികളിലും പുലിപ്പെരുമ നിറഞ്ഞു. ചെണ്ടയുടെ മേളപ്പെരുക്കത്തിൽ പുലിക്കൂട്ടം നിറഞ്ഞാടി. നടുവിലാലിൽ ഗണപതിക്കു തേങ്ങയുടച്ച് പുലി സംഘങ്ങൾ പെരുമ്പറയായി സ്വരാജ് റൗണ്ടിലെത്തിയപ്പോൾ പതിനായിരങ്ങൾ ആർത്തുവിളിച്ചു. പുലിക്കൊട്ടിനൊപ്പം കുട്ടിപ്പുലികളും വരയൻ പുലികളും പുള്ളി പുലികളും കരിമ്പുലികളും ഉൾപ്പെടെയുള്ള പുലി സംഘം ചുവടു വെച്ചപ്പോൾ പൂരനഗരിയിലേക്ക് ഒഴുകിയെത്തിയ ജനസാഗരത്തിന്റെ ഓണാവേശം പാരമ്യത്തിലായി. മിഴിവാർന്ന നിശ്ചലദൃശ്യങ്ങളുടെയും പുലിവണ്ടിയുടെയും അകമ്പടിയോടെയെത്തിയ ഏഴു ടീമുകളും 51 പുലികളെ അണിനിരത്തിയിരുന്നു. ഓരോ സംഘത്തിലെ പുലികളും വാശിയോടെ നൃത്തചുവടുകളുമായി സ്വരാജ് റൗണ്ടിൽ കളിച്ചു തുടിച്ചു. വിവിധ സംഘങ്ങളിലെ കുടവയറൻ പുലികളും കുട്ടിപുലികളും വനിതാ പുലികളും ഇത്തവണയും താരങ്ങളായി. സീതാറാം മിൽ ദേശവും വിയ്യൂർ ദേശവും ചക്കാമുക്ക് ദേശവുമാണു പെൺപുലികളെ രംഗത്തിറക്കിയത്. ശങ്കരംകുളങ്ങര, വിയ്യൂർ, കാനാട്ടുകര, ചക്കാമുക്ക്, പാട്ടുരായ്ക്കൽ ദേശങ്ങൾ കുട്ടിപുലികളുമായെത്തി ശ്രദ്ധ നേടി. വിയ്യൂർ യുവജനസംഘത്തിന്റേയും സീതാറാം മിൽ ദേശത്തിന്റേയും പുലികളുടെ പുലിപ്പാദുകവും പുലിക്കൈകളും കാണികളെ ഏറെ ആകർഷിച്ചു. ഓരോ നിറത്തിലുള്ള പുലികളും അതിനനുസരിച്ചുള്ള പാദുകങ്ങളും കൈകളുമാണു ധരിച്ചത്. ഓരോ ടീമും സ്വരാജ് റൗണ്ടിലേക്കു കടന്നുവന്നപ്പോൾ കാണികൾ ആവേശം കൊണ്ട് ആർത്തു വിളിച്ചു.

വയനാട് ദുരന്തം ചിത്രീകരിച്ചത് അടക്കമുള്ള ടാബ്ലോകൾ കാണികളുടെ മനം കവർന്നു. സ്ത്രീകളും കുട്ടികളുമടക്കം പതിനായിരങ്ങൾ ഇത്തവണയും പുലിക്കളി ആസ്വദിക്കാനെത്തിയതു തൃശൂർക്കാർക്കു പുലികളോടുള്ള ആവേശവും ബന്ധവും വിളിച്ചോതുന്ന കാഴ്ചയായി. സ്വരാജ് റൗണ്ടിലെ നടപ്പാതകൾക്കു ഇരുവശവും കെട്ടിടത്തിനു മുകളിലും വടക്കുന്നാഥ ക്ഷേത്ര മൈതാനത്തുമായി കാത്തിരുന്നവരെ ഹർഷോന്മാദത്തിലാക്കി അവരുടെ കണ്ണിനും കാതിനും ഹൃദ്യമായ വിരുന്നൊരുക്കിയാണ് ഇത്തവണയും പുലിസംഘങ്ങൾ നഗരത്തിൽ തിമിർത്താടിയത്. അരമണി കുലുക്കി നിറഞ്ഞാടി ഗർജ്ജിച്ച് മടങ്ങുന്ന പുലിക്കൂട്ടങ്ങൾക്കൊപ്പം പതിനായിരങ്ങളും അക്ഷരാർത്ഥത്തിൽ ആടിതിമിർത്തു.

പുലികൾ ചടുലതാളത്തിൽ ചുവടു വെച്ചപ്പോൾ തിങ്ങിനിറഞ്ഞ കാണികളും അവരുടെ ആവേശത്തിനൊപ്പം ഇളകിയാടി. പൂരനഗരിയിലെ ഈ വിസ്മയ കാഴ്ചകൾക്കു കണ്ണുമറയാത്ത ആവേശവും ആരവവും സാക്ഷാത്കാരമായി സമന്വയിച്ചപ്പോൾ തൃശൂരിന്റെ സ്വന്തം പുലികളി വീണ്ടും ആയിരങ്ങളുടെ ഹൃദയത്തിൽ അലിഞ്ഞു ചേർന്നു.

പുലിക്കളിയിൽ ചുവടുവെക്കുന്ന പെൺപുലികൾ

- **വാശിയോടെ ചുവടു വെച്ച് 357 പുലികൾ**
- **കുട്ടിപ്പുലികളും പെൺപ്പുലികളും താരങ്ങളായി**
- **ഇളകിയാടി കുടവയറൻ പുലികളും**

ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കാൻ ഗുരുവായൂർ ദേവസ്വം

ഗുരുവായൂർ : ക്ഷേത്രം നടപന്തലിൽ വീഡിയോ ചിത്രീകരണം വിലക്കിയ ഹൈക്കോടതി ഉത്തരവ് അടിയന്തിരമായി നടപ്പാക്കാൻ ഗുരുവായൂർ ദേവസ്വം നടപടികൾ ആരംഭിച്ചു. കോടതി ഉത്തരവു നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടു ദേവസ്വം ചെയർമാൻ ഡോ.വി.കെ.വിജയന്റെ അധ്യക്ഷതയിൽ ഇന്നലെ അടിയന്തിര യോഗം ചേർന്നു. നാലു നടപന്തലിലും ദീപസ്തംഭത്തിനു മുന്നിലും നിന്നുള്ള വീഡിയോ ചിത്രീകരണം അനുവദിക്കില്ല. ഹൈക്കോടതി ഉത്തരവു ലംഘിച്ച് വീഡിയോ ചിത്രീകരിച്ചാൽ പൊലീസ് സഹായത്തോടെ നിയമ നടപടി സ്വീകരിക്കും. സുരക്ഷാ മേഖലയിൽ നിയമം ലംഘിച്ചു വീഡിയോ ചിത്രീകരിക്കുന്നവർക്കെതിരേ കേസെടുത്ത് നടപടി സ്വീകരിക്കാൻ പൊലീസിനു ദേവസ്വം കത്ത് നൽകും. ഹൈക്കോടതി ഉത്തരവിന്റെ വിശദാംശങ്ങൾ അടങ്ങിയ ബോർഡുകൾ നാലു നടപന്തലിലും സ്ഥാപിക്കും. മലയാളം ഉൾപ്പെടെ വിവിധ ഭാഷകളിലുള്ള ബോർഡുകളാകും സ്ഥാപിക്കുക. കോടതി ഉത്തരവിന്റെ സാരാംശം അനൗൺസ്മെന്റു വഴി ഭക്തജനങ്ങളെ അറിയിക്കും. ഹൈക്കോടതി ഉത്തരവു പൂർണമായും നടപ്പിലാക്കാൻ ഭക്തജനങ്ങളുടെ പിന്തുണയും സഹകരണവും ദേവസ്വം അഭ്യർഥിച്ചു.

ജൽ ജീവൻ മിഷൻ പദ്ധതി പ്രതിസന്ധിയിൽ

ചാലക്കുടി: കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ സംയുക്ത കുടിവെള്ള പദ്ധതിയിൽ സംസ്ഥാന സർക്കാർ നൽകേണ്ട തുക നൽകാത്തതിനാൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രതിസന്ധിയിലായി. മണ്ഡലത്തിലെ പലയിടത്തും നിർമാണം നിലച്ചു. ഒരു വർഷം മുൻപ് നിർമാണം പൂർത്തിയായ പ്രവർത്തികൾക്കു ചെലവായ തുക പോലും ബില്ല് മാറി ലഭിക്കാത്തതാണു നിലവിൽ പുതിയ പൈപ്പിടലും റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നത് ഉൾപ്പടെയുള്ള പ്രവർത്തികൾ മന്ദഗതിയിലാകാൻ കാരണമെന്നു കരാറുകാർ അവലോകന യോഗത്തിൽ ചൂണ്ടിക്കാട്ടി. റോഡു പൂർവ്വസ്ഥിതിയിലാക്കാൻ മുൻകൂർ കെട്ടിവെയ്ക്കേണ്ട കോടികണക്കിനു രൂപ സർക്കാരിൽ നിന്നു ലഭിക്കാത്തതിനാൽ മണ്ഡലത്തിൽ കെആർഎഫ് ബിയുടെ കൈവശമുള്ള പല റോഡുകളിലും പൈപ്പിടൽ പ്രവർത്തി ചെയ്യുവാൻ സാധിക്കുന്നില്ല. ബിൽ തുക വിതരണം യഥാസമയം നടപ്പിലാവാത്തതിനാൽ ടെണ്ടർ ചെയ്ത പലപ്രവർത്തികളും ഏറ്റെടുക്കാൻ പോലും ആരും തയ്യാറാകാത്ത സാഹചര്യമാണു നിലവിലുള്ളത്. ആവശ്യമായ തുക അടിയന്തിരമായി കൈമാറി പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പു വരുത്തണമെന്നു സർക്കാരിനോട് ആവശ്യപ്പെടുമെന്നു പദ്ധതി യോഗത്തിൽ സനീഷ്കുമാർ ജോസഫ് എംഎൽഎ അറിയിച്ചു. ആദിവാസി ഊരുകളിൽ പദ്ധതി നിർവ്വഹണം എത്രയും വേഗം പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കണമെന്നു എംഎൽഎ നിർദേശം നല്കി. ചർച്ചകളെ തുടർന്നു പൈപ്പിടൽ പ്രവർത്തികൾ തുടരുമെന്നും മൺസൂൺ കാലം കഴിയുന്നതോടെ പൈപ്പിടുന്നതിനായി പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവർത്തികൾ പുനരാരംഭിക്കുമെന്നും കരാറുകാർ ഉറപ്പ് നൽകി. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കെആർഎഫ്ബി, പൊതുമരാമത്ത് റോഡ് വിഭാഗം, ജല അതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ സംയുക്ത യോഗം വിളിച്ചു ചേർക്കാനും തീരുമാനിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ കെ.പി ജെയിംസ്, മായ ശിവദാസ്, അമ്പിളി സോമൻ, ജല അതോറിറ്റി സൂപ്രണ്ടിങ്ങ് എഞ്ചിനിയർ പി.എ സുമ, എക്സി. എഞ്ചിനിയർ ബോബൻ മാത്യു , അസി.എക്സി.എഞ്ചിനിയർ കെ.ടി വാസുദേവൻ, ഗ്രാമപഞ്ചായത്തംഗങ്ങളായ കെ.എം ജയചന്ദ്രൻ, സതി ബാബു, പങ്കെടുത്തു.

മുപ്ലിയിൽ പുലിയിറങ്ങി

കൊടകര : കോടാലി താളുപ്പാടം മുപ്ലിയിൽ വീട്ടുമുറ്റത്തു പുലിയിറങ്ങി. മുപ്ലി ഓലിക്കൽ ജോസഫിന്റെ വീട്ടുമുറ്റത്താണു പുലി ഇറങ്ങിയത്. ഇന്നലെ പുലർച്ചെ രണ്ടോടെയായിരുന്നു സംഭവം. പുലിയുടെ അലർച്ച കേട്ടു ജോസഫിന്റെ മകൻ എഴുന്നേറ്റു നോക്കിയപ്പോഴാണു വീട്ടുമുറ്റത്ത് പുള്ളിപ്പുലിയെ കണ്ടത്. പുലിയുടെ ദൃശ്യങ്ങൾ ഇവരുടെ വീട്ടിലെ നിരീക്ഷണ ക്യാമറയിൽ പതിഞ്ഞു. പുലിയെ കണ്ടതോടെ ജോസഫിന്റെ വീട്ടിലെയും പരിസരത്തെയും വളർത്തുനായ്ക്കൾ കൂട്ടത്തോടെ കുരയ്ക്കുന്നുണ്ടായിരുന്നു. വീട്ടുമുറ്റത്ത് പുലിയിറങ്ങിയതോടെ പരിസരവാസികൾ ഭീതിയിലാണ്. നാട്ടുകാർ ഇഞ്ചക്കുണ്ട് ഫോറസ്റ്റ് അധികൃതരെ വിവരമറിയിച്ചു. കുറച്ചുനാളുകൾക്കു മുൻപ് മേഖലയിൽ പുലിയിറങ്ങി വളർത്തു മൃഗങ്ങളെ കൊന്നിരുന്നു.

അറിയിപ്പ്

KL-11-BK-0055 , M/CAR വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ MANAGING DIRECTOR, EVER BRAVO PVT LTD, PUNKUNNAM P.O, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫീസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

അറിയിപ്പ്

KL-08-BZ-9136 M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ SREENIVASAN, VARADATTUVALAPPIL (H), KOZHIKUNNU, KILLANNUR , THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

അറിയിപ്പ്

KL-08-CA-1191 GOODS CARRIER വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ ANU V S, PROPRIETOR, M/S AUTO NITY, PATTORE, M.G KAVU, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

അറിയിപ്പ്

KL-48-S-1813 M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ RAHUL RADHAKRISHNAN, PARAPURATH, MUNDATHIKODE, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം വടക്കാഞ്ചേരി RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
വടക്കാഞ്ചേരി

അറിയിപ്പ്

KL-48-N-9716 M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ ANOOP RAJ. M.J, MULLATH (H) MUNDATHIKODE, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം വടക്കാഞ്ചേരി RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
വടക്കാഞ്ചേരി

അറിയിപ്പ്

KL-48-T-3696 M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ ANOOP RAJ. M.J, MULLATH (H) MUNDATHIKODE, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം വടക്കാഞ്ചേരി RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
വടക്കാഞ്ചേരി

അറിയിപ്പ്

KL-08-BX-1028 M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ ANU V S, PROPRIETOR, M/S AUTO NITY, PATTORE, M.G KAVU, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

അറിയിപ്പ്

KL-08-BR-5677 GOODS CARRIER വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ ANU V S, PROPRIETOR, M/S AUTO NITY, PATTORE, M.G KAVU, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാമൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

അറിയിപ്പ്

KL-08-BX-4669 GOODS CARRIER വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ ANU V S, PROPRIETOR, M/S AUTO NITY, PATTORE, M.G KAVU, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാമൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

അറിയിപ്പ്

KL-48-N-7697 M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ ASHISH.K.S, KOTTAYIL (H), MUNDATHIKODE, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം വടക്കാഞ്ചേരി RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
വടക്കാഞ്ചേരി

അറിയിപ്പ്

KL-08-CA 7214 M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ JITHU C J, CHITTILAPPILLY(H),THOLUR, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

അറിയിപ്പ്

KL-08-BQ-5092 GOODS CARRIER വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ PROPRIETOR VINU, VARATTUVALAPPIL (H), M.G KAVU P.O ,THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാ മൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജറാക്കേണ്ടതാണ്. എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

അറിയിപ്പ്

KL-08-BX-4293 M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ ANU V S, PROPRIETOR, M/S AUTO NITY, PATTORE, M.G KAVU, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ